(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.;

(സി) സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എത്ര ഏക്കർ സ്ഥലമാണ് എടുത്തിട്ടുള്ളത്;

(ഡി) അക്കാദമിയുടെ നടത്തിപ്പിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഇ) അക്കാദമിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

സൈക്കിൾ വെലോഡ്രോം, വോളീബോൾ അക്കാദമി എന്നീ പദ്ധതികൾ

153 [2125] ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സൈക്കിൾ വെലോഡ്രോം, വോളീബോൾ അക്കാദമി എന്നീ പുതിയ പദ്ധതികൾ ഇടുക്കിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുഘട്ടംവരെയായി എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതികൾ ഇടുക്കിയിൽ നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഇടുക്കി ജില്ലാ സ്പോർട്സ് ഡവലപ്പ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

ബോക്സിംഗ് സംസ്ഥാന മൽസരത്തിന് സാമ്പത്തിക സഹായം

154 [2126] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിലെ പൂളാടിക്കുന്നിൽവച്ചു നടക്കുന്ന ബോക്സിംഗ് സംസ്ഥാന മൽസരത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു തീരുമാനം എടുത്തുവെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതുതായി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ നടപടി

155 [2127] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതുതായി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ പറയാമോ;

(സി) സ്കൂൾ സ്റ്റേഡിയങ്ങളോടനുബന്ധിച്ച് പുതിയ വിപുലമായ സ്റ്റേഡിയം നിർമ്മിക്കുവാൻ ധനസഹായം നൽകുമോ;

(ഡി) ജില്ലാ കേന്ദ്രങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ ചെയ്യുന്നതു പോലെ താലൂക്ക് കേന്ദ്രങ്ങളിലും സ്പോർട്സ് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്യുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

(സി) നിലവിലുള്ള മാനദണ്ഡപ്രകാരം ഇത്തരം ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.

(ഡി) സ്പോർട്സ് കൗൺസിലിന് ഇപ്പോൾ ലഭിക്കുന്ന സാമ്പത്തിക സഹായം ഇതിന് അപര്യാപ്തമാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. തിരുത്ത്

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ XI-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 24-7-2003-ന് മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 4132-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.† 9.30 a. m.]

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly